കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം നടന്ന പോലീസ് ലാത്തിചാർജ്ജ്

19. [29] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേനളത്തിനുശേഷം സംസ്ഥാനത്ത് എത്ര പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട് ;

(ബി) ലാത്തിച്ചാർജ്ജിന്റെ ഫലമായി എത്ര പേർക്ക് പരിക്കേറ്റു ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 11 ലാത്തിച്ചാർജ്ജുകളും ലാത്തിവീശി വിരട്ടിയോടിച്ച 6 സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) ലാത്തിച്ചാർജ്ജിന്റെയും ലാത്തി വീശിയോടിച്ചതിന്റെയും ഫലമായി മൊത്തം 296 പേർക്ക് പരിക്കു പറ്റിയിട്ടുണ്ട്.

(സി) 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സരസന്റെ തിരോധാനം സംബന്ധിച്ച കേസ്

20. [30] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചവറയിൽ സരസൻ എന്ന ഐ. ആർ. ഇ. തൊഴിലാളിയെ കാണാതായത് സംബന്ധിച്ച് കേസ് വല്ലതും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് വകുപ്പനുസരിച്ചാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത് ;

(സി) ഇതിനോടനുബന്ധിച്ച് എത്ര പേരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസ് ചാർജ് ചെയ്തിട്ടില്ല.

(സി) ആരുടേയും പേരിൽ കേസ് ചാർജ് ചെയ്തിട്ടില്ല.

സരസനെ കണ്ടുപിടിച്ചതിൽ സഹായം നൽകിയവർ

21. [31] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചവറ സരസനെ കണ്ടുപിടിക്കുന്നതിൽ പോലീസിനെ മറ്റാരെങ്കിലും നേരിട്ടോ അല്ലാതെയോ സഹായിക്കുകയോ വിവര നൽകുകയോ ചെയ്തിട്ടുണ്ടോ ;

(ബി) സരസനെ മദ്യം കൊടുത്ത് മയക്കി കൊല്ലാൻ ശ്രമിച്ചു എന്ന് പറയപ്പെടുന്ന സംഭവത്തിന്റെ പേരിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ എന്നാണ് കേസ് രജിസ്റ്റർ ചെയ്തത് ;

(സി) ഉണ്ടെങ്കിൽ കുറ്റവാളികളെ കണ്ടുപിടിക്കുകയോ കേസ് ചാർജ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഭവത്തെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) അന്വേഷണത്തിലാണ്.

സ്ത്രീപീഡനങ്ങൾ

22. [35] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, കെ.ടി. കുമാരൻ :
,, കെ.പി. പ്രഭാകരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1037 കേസുകൾ.

സ്ത്രീധന പ്രശ്നം സംബന്ധിച്ച പൂന്തുറ സ്റ്റേഷനിലെ കേസ്

23. [36] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പൂന്തുറ പോലീസ് സ്റ്റേഷനിൽ സി.സി. 57/86 നമ്പർ പ്രകാരം സ്ത്രീധന പ്രശ്നം സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ടോ ;

(ബി) ഈ കേസിലെ കോടതി വിചാരണ എവിടെയാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം പോലീസ് ഇൻസ്പെക്ടർ ജനറൽ ആഫീസിൽ ഡ്രൈവറായി ജോലി നോക്കുന്ന എം. ഫ്രാൻസിസ് സേവ്യർ എന്നയാൾ പ്രസ്തുത കേസിലെ ഒന്നാം പ്രതിയാണെന്നറിയുന്നത് ശരിയാണോ ;

(ഡി) ശ്രീ. ഫ്രാൻസിസിന്റെ പേരിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ എന്തെങ്കിലും ശിക്ഷണനടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിലെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) പൂന്തുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 237/85 ആയി സ്ത്രീധന പ്രശ്നം സംബന്ധിച്ച് ഒരു കേസ് ചാർജ് ചെയ്യുകയും പ്രസ്തുത കേസ് സി. സി. 57/86-ാം നമ്പരായി തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി നമ്പർ 2-ൽ വിചാരണയിലിരിക്കുകയുമാണ്.

(സി) ശരിയാണ്.

(ഡി) ഡിപ്പാർട്ടുമെന്റ് തലത്തിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടില്ല.

തട്ടിക്കൊണ്ടുപോകപ്പെട്ട സ്ത്രീകൾ

24. [37] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :

LIBRARY ARCHIVES Kerala Legislative Assembly